പതിമൂന്നാം കേരള നിയമ സഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 76 | 8.3.2012 ൽ മറുപടിക്ക്

**ജീവൻരക്ഷാ മരുന്നുകളുടെ വില നിയന്ത്രണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>ശ്രീ. ടി. എം. തോമസ് ഐസക്<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) അടുത്ത കാലത്ത് ജീവൻരക്ഷാ മരുന്നുകളുടെ വില അമിതമായി വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) കുത്തക കമ്പനികളുടെ ചൂഷണം തടയുവാനായി സർക്കാർ ഫലപ്രദമായി ഇടപെടാത്തതും മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെ സൗജന്യമരുന്നു വിതരണം താറുമാറായതുമാണ് മരുന്നുവില അമിതമായി വർദ്ധിക്കാൻ കാരണമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ; | ബി) കമ്പനികളിൽ നിന്നും മരുന്നുകൾ നേരിട്ട് സംഭരിച്ച് സർക്കാർ ആശുപത്രികളിൽ സൗജന്യമായി വിതരണം ചെയ്തുകൊണ്ട് സർക്കാർ ഫലപ്രദമായി മരുന്ന് വിപണിയിൽ ഇടപെടുന്നുണ്ട്. |
| (സി) വില നിയന്ത്രണത്തിനായി ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ് ; | (സി) മരുന്നുകളുടെ വില നിയന്ത്രണം സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതല്ല. എന്നാൽ നീതി/മാവേലി മെഡിക്കൽ സ്റ്റോറുകൾ, പേയിംഗ് കൗണ്ടറുകൾ, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എന്നിവ മുഖേന സംസ്ഥാന സർക്കാർ കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. |
| (ഡി) മരുന്നു വിതരണരംഗത്തെ സംഘടനകളുടെ ചൂഷണം തടയാൻ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (ഡി) മരുന്നു വിപണിയിൽ തടസ്സം നേരിടുന്നില്ല എന്നും സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലാ സ്ഥാപനങ്ങൾക്കും മരുന്നു നിർമ്മാതാക്കളിൽ നിന്നും നേരിട്ട്, കുറഞ്ഞ വിലയിൽ മരുന്നുകൾ യഥേഷ്ടം ലഭ്യമാകുന്നുണ്ടെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നുണ്ട്. കമ്പനികളിൽ നിന്നും മരുന്നുകൾ നേരിട്ട് സംഭരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സർക്കാർ ആശുപത്രികളിൽ സൗജന്യമായാണ് വിതരണം ചെയ്യുന്നത്. നീതി/മാവേലി മെഡിക്കൽ സ്റ്റോറുകൾ , പേയിംഗ് കൗണ്ടറുകൾ, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എന്നിവ മുഖേന സംസ്ഥാന സർക്കാർ കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ വിതരണം ചെയ്തുകൊണ്ട് മരുന്നിന്റെ ലഭ്യത സർക്കാർ ഉറപ്പു വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ